
# Athmaraksha.org

മാരകപാപം, അഴിമതി, അനീതി, അസമാധാനം

## അഴിമതി സമൂഹത്തിന്റെ ദുർഗന്ധമാണെന്ന് പാപ്പാ ഫ്രാൻസിസ്



തെക്കൻ ഇറ്റലിയിലെ നേപ്പിൾസ് നഗരത്തിലേക്ക് മാർച്ച് 21-ാം തീയതി ശനിയാഴ്ച നടത്തിയ അജപാലനസന്ദർശനത്തിൽ നേപ്പാൾസിലെ പൗരസമൂഹവുമായി നഗരമദ്ധ്യത്തിലെ പൊതുചത്വരത്തിൽ നടത്തിയ കൂടിക്കാഴ്ചയിൽ നടത്തിയ ചോദ്യോത്തര പരിപാടിയിലാണ് പാപ്പാ ഇങ്ങനെ പ്രസ്താവിച്ചത്. പരിചയസമ്പന്നനായ മുൻ ന്യായാധിപന്റെ ചോദ്യത്തിനുള്ള മറുപടിയായിട്ടാണ് പാപ്പാ ഇങ്ങനെ പ്രസ്താവിച്ചത്.

അഴിമതി എന്ന വാക്കുതന്നെ ഭീതിതദമാണ്. അതു സമൂഹത്തെ ജീർണ്ണതയിലെത്തിക്കുന്നു. ഇറ്റാലിയൻഭാഷയിൽ അഴിമതി എന്ന പദത്തിന് നാശോന്മുഖമായ, ചീഞ്ഞ ളിഞ്ഞ, എന്നെല്ലാം അർത്ഥമുള്ളതായി പാപ്പാ ചൂണ്ടിക്കാട്ടി. അഴിമതി ദുർഗന്ധമാണ്. അതു വച്ചുപൊറുപ്പിക്കുന്ന സമൂഹം മലീമസമാകും. അതിൽനിന്നും തിന്മയുടെ ദുർ ഗന്ധം വമിക്കും. എന്നിങ്ങനെ ശക്തമായ ഭാഷയിൽ പാപ്പാ അഴിമതിക്കെതിരെ സ്വരമുയർത്തി. സമൂഹത്തിൽ ധാരാളം അഴിമതിയുണ്ട്. അഴിമതി നടത്തിയിട്ടില്ല എന്നു പറയുവാൻ കെൽപുള്ളവർ സമൂഹത്തിൽ ചുരുക്കമാണെന്ന് പാപ്പാ സൂചിപ്പിച്ചു. അതേസമയം സത്യസന്ധമായ രാഷ്ട്രീയപ്രവർത്തനമാണ് സമൂഹത്തിനു നൽകാവുന്ന ഏറ്റവും വ ലിയ സേവനമെന്നും പാപ്പാ അനുസ്മരിപ്പിച്ചു. നല്ല ക്രൈസ്തവർ സത്യസന്ധരായ പൗരന്മാരുമായിരിക്കണമെന്നും പാപ്പാ കൂട്ടിച്ചേർത്തു.

25 വയസ്സിനു താഴെയുള്ള 40 ശതമാനത്തിലധികം യുവാക്കൾക്കും ജോലിയില്ലാത്ത സാഹചര്യം തീവ്രഗുരുതരമെന്നും അതു സമൂഹത്തിന്റെ മോശം അവസ്ഥയാണെന്നും പാപ്പാ പ്രസ്താവിച്ചു. വിവിധജോലി സാഹചര്യങ്ങളിലുള്ളവരേയും ജോലിയില്ലാത്തവരേയും പ്രതിനിധീകരിച്ച് മിഖേലേ സ്തരീത്ത് എന്ന യുവാവിന്റെ ചോദ്യത്തിനുത്തരമായാണ് പാപ്പാ ഇങ്ങനെ പ്രതികരിച്ചത്.

ഇന്ന് നിലനിൽക്കുന്ന സമ്പദ്‌വ്യവസ്ഥ വലിച്ചെറിയലിനെയാണ് പ്രോത്സാഹിപ്പിക്കുന്നത്. അത്തരം സമ്പദ്‌വ്യവസ്ഥയാണ് തൊഴിലില്ലായ്മ രൂക്ഷമാക്കുന്നത്. ഭക്ഷണമില്ലാത്ത അവസ്ഥയല്ല. മറിച്ച് വീട്ടിലേക്കാവശ്യമുള്ള അരി സ്വന്തമായി അദ്ധ്വാനിച്ച് നേടാൻ സാധിക്കാത്ത ചുറ്റുപാടാണ് ഇന്നത്തെ പ്രശ്നം. ഇത് വ്യക്തിയുടെ അഭിമാനം കവരുന്നതും, അതുകൊണ്ടുതന്നെ ജോലിചെയ്യുവാനുള്ള അവകാശത്തിന്റെ നിഷേധവുമാണ്. പൗരനെന്ന നിലയിൽ ഇങ്ങനെയുള്ള സാഹചര്യങ്ങളോട്

ക്രിസ്ത്യാനി പ്രതികരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ നിശ്ശബ്ദരായിരുന്നുകൂടാ എന്നു പറഞ്ഞ പാപ്പാ ജോലിയില്ലാത്ത അവസ്ഥയെക്കുറിച്ച് മാത്രമല്ല തൊഴിൽരംഗത്തെ ചൂഷണത്തെക്കുറിച്ചും സംസാരിച്ചു. പകുതിശമ്പളത്തിൽ ഒരാനുകൂല്യവും നൽകാതെ മണിക്കൂറുകളോളം പണിയെടുപ്പിക്കുന്നത് ചൂഷണമാണ്; ചൂഷണം മാത്രമല്ല, അത് അടിമത്തമാണെന്നും പാപ്പാ പ്രസ്താവിച്ചു. അടിമത്തത്തിനും അതു വളർത്തുന്ന കാപട്യത്തിനും ക്രൈസ്തവൻ കൂട്ടാളി ആവരുതെന്നും പാപ്പാ ഉദ്ബോധിപ്പിച്ചു. ജോലിചെയ്ത് കുടുംബം പോറ്റുവാനും സാഭിമാനത്തോടെ ജീവിക്കാനുമുള്ള അവകാശത്തിനായി പോരാടേണ്ടത് അടിസ്ഥാനഅവകാശമാണെന്നും പാപ്പാ അനുസ്മരിപ്പിച്ചു.

ഫിലിപ്പീൻ കുടിയേറ്റക്കാരിയുടെ ചോദ്യത്തിന് ഉത്തരമായി പാപ്പ പറഞ്ഞു-കുടിയേറ്റക്കാരും ദൈവമക്കളാണ്. അവരും ഈ രാജ്യത്തിലെ പൗരന്മാരാണ്. അവരെ രണ്ടാംകിടക്കാരായി കാണരുത്. മറിച്ച് എല്ലാ കാര്യങ്ങളിലും നാട്ടുകാരോടു സമന്മാരും ദൈവപുത്രരും നമ്മുടെ സഹോദരങ്ങളുമായി കാണണം. മറ്റൊരർത്ഥത്തിൽ നാമെല്ലാവരും അഭയാർത്ഥികളാണ്. ഈ രാജ്യത്തിൽനിന്നും മറ്റൊരിടത്തിലേക്ക് യാത്രതിരിക്കേണ്ട അഭയാർത്ഥികളാണെന്ന് പാപ്പാ ആത്മീയാർത്ഥത്തിൽ ഉദ്ബോധിപ്പിച്ചു.